പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 2680

21/06/2012-ൽ മറുപടി
നല്കേണ്ടത്

സീറോ ലാന്റ്ലെസ് സിറ്റിസൺസ് കേരള പദ്ധതി 2015

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കെ. നാരായണൻ<br>ശ്രീ. സാജു പോൾ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സീറോ ലാന്റ്ലെസ് (സിറ്റിസൺസ്) കേരള 2015 എന്ന പദ്ധതി എന്നാണ് സംസ്ഥാനത്ത് ആരംഭിച്ചത് ; | (എ) പ്രസ്തുത പദ്ധതി പ്രകാരമുള്ള അപേക്ഷാ ഫാറങ്ങളുടെ വിതരണം 09/03/2012നാണ് ആരംഭിച്ചിട്ടുള്ളത്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടന്നിട്ടുള്ളത് ; | (ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭ നടപടിയായി സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരുടെയും വിവരം ശേഖരിക്കുന്നതിന് അപേക്ഷാ ഫാറങ്ങൾ വില്ലേജാഫീസുകൾ മുഖേന 09/03/2012 മുതൽ 18/06/2012 വരെ വിതരണം ചെയ്തിട്ടുള്ളതാണ്. എന്നാൽ 18/06/2012ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം ഭൂരഹിതർക്ക് ഭൂമിക്ക് വേണ്ടി അപേക്ഷിക്കുവാനുള്ള സമയപരിധി ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം വിതരണം ചെയ്ത അപേക്ഷകളിൽ വില്ലേജാഫീസുകളിൽ തിരികെ ലഭിച്ച പൂരിപ്പിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിനായി വില്ലേജ് ആഫീസർ, തഹസീൽദാർ എന്നിവരുടെ പ്രാഥമിക പരിശോധന ആരംഭിച്ചിട്ടുള്ളതാണ്. |
| (സി) സീറോ ലാന്റ്ലെസ് സിറ്റിസൺസ് കേരള 2015 എന്ന പദ്ധതിയ്ക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ? | (സി) 18/06/2012 വരെ ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ